# സ്വാലിഹീങ്ങളിലുള്ള തീവ്രത കുഫ്റിലേക്ക് നയിക്കും

അല്ലാഹു ﷻ പറഞ്ഞു:

﴿ يَٰٓأَهۡلَ ٱلۡكِتَٰبِ لَا تَغۡلُواْ فِي دِينِكُمۡ ﴾

(വേദക്കാരെ, നിങ്ങൾ മതകാര്യത്തിൽ അതിരുകവിയരുത്...) (വി.ക്വു.4:171)

അല്ലാഹു ﷻ പറഞ്ഞു:

﴿ وَقَالُواْ لَا تَذَرُنَّ ءَالِهَتَكُمۡ وَلَا تَذَرُنَّ وَدّٗا وَلَا سُوَاعٗا وَلَا يَغُوثَ وَيَعُوقَ وَنَسۡرٗا ﴾

(അവർ പറഞ്ഞു: (ജനങ്ങളെ,) നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിക്കരുത്. വദ്ദ്, സുവാഅ്, യഗൂഥ്, യഊക്, നസ്റ് എന്നി വരെ നിങ്ങൾ ഉപേക്ഷിക്കരുത്.) (വി.ക്വു. 71: 23) ഈ ആയത്തിന് വിശദീകരണമായി ഇബ്നു അബ്ബാസ് رضي الله عنه പറഞ്ഞു:

(هذه أسماء رجال صالحين من قوم نوح، فلما هلكوا أوحى الشيطان إلى قومهم أن انصبوا إلى مجالسهم التي كانوا يجلسون فيها أنصاباً وسموها بأسمائهم، ففعلوا، و لم تعبد، حتى إذا هلك أولئك ونسي العلم، عبدت).

''നൂഹ് നബി عليه السلام യുടെ ജനതയിലെ സ്വാലിഹീങ്ങളുടെ പേരുകളാണിവ. അവർ മരിച്ചപ്പോൾ പിശാച് അവരുടെ ജനതക്ക് ഇങ്ങനെ ദുർബോധനം നൽകി. 'നിങ്ങൾ അവർ കൂടിയിരിക്കാറുള്ള സദസ്സുകളിൽ ചിലപ്രതിമകൾ നാട്ടുകയും അവയ്ക്ക് അവരുടെ പേരുകൾ നൽകുകയും ചെയ്യുക.' അപ്പോൾ അവർ അപ്രകാരം ചെയ്തു. അന്ന് അവ ആരാധിക്കപ്പെട്ടിരുന്നില്ല. പിന്നീട് അവർ മരിക്കുകയും ആ വിജ്ഞാനം വിസ്മൃതമാകുകയും ചെയ്തപ്പോൾ അവ ആരാധിക്കപ്പെട്ടു.'' (ബുഖാരി)

ഇമാം ഇബ്നുൽ ക്വയ്യിം رحمه الله പറയുന്നു: സലഫുകളിൽ ഒന്നിലധികംപേർ പറഞ്ഞു: അവർ മരണമടഞ്ഞപ്പോൾ അവരുടെ ക്വബ്റിൽ അവർ ചടഞ്ഞിരിക്കുകയും പിന്നീട് അവരുടെ പ്രതിമകൾ

രൂപപ്പെടുത്തുകയും ചെയ്തു. വീണ്ടും കാലം കുറേ കഴിഞ്ഞപ്പോൾ അവർ അവരെ ആരാധിച്ചു.

ഉമർﷺവിൽനിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

(لاَ تُطْرُونِي كَمَا أَطْرَتِ النَّصَارَى ابْنَ مَرْيَمَ، إِنَّمَا أَنَا عَبْدٌ، فَقُولُوا: عَبْدُ اللهِ وَرَسُولُهُ)

"ക്രിസ്ത്യാനികൾ മർയമിന്റെ പുത്രനെ (ഈസാ) വാഴ്ത്തിയതു പോലെ നിങ്ങൾ എന്നെ വാഴ്ത്തരുത്. ഞാനൊരു അടിമ മാത്രമാണ്. അതിനാൽ നിങ്ങൾ അല്ലാഹുവിന്റെ അടിമയും ദൂതനും എന്നു പറയുക" (ബുഖാരി, മുസ്ലിം)

ഇബ്നു അബ്ബാസ്ﷺവിൽനിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

(إِيَّاكُمْ وَالْغُلُوَّ، فَإِنَّمَا أَهْلَكَ مَنْ كَانَ قَبْلَكُمُ الْغُلُوُّ).

"മതത്തിൽ അതിര് കവിയുന്നത് നിങ്ങൾ സൂക്ഷിക്കുക. കാരണം, നിങ്ങളുടെ മുൻഗാമികളെ നശിപ്പിച്ചത് ഈ അതിരുകവിയൽ ആണ്." [1]

ഇബ്നു മസ്ഊദ്ﷺവിൽനിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

(هَلَكَ الْمُتَنَطِّعُونَ) قالها ثلاثاً.

"(വിശ്വാസ കർമ്മാനുഷ്ഠാനങ്ങളിൽ തീവ്രരാകുകയും) കൃത്രിമത്വം കാണിക്കുകയും ചെയ്യുന്നവർ നശിക്കട്ടെ." അദ്ദേഹം ഇത് മൂന്നു തവണ പറഞ്ഞു. (മുസ്ലിം)

**<u>ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:</u>**

- ഈ അദ്ധ്യായവും ശേഷം വരുന്ന രണ്ട് അദ്ധ്യായങ്ങളും ആരെങ്കിലും മനസ്സിലാക്കിയാൽ അവന് ഇസ്ലാമിന്റെ 'ഗുർബത്'

[1] മുസ്നദു അഹ്മദ്, സുനനുന്നിസാഇ, സുനനു ഇബ്നി മാജഃ. ഇമാം നവവിയും ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യയും അൽബാനിയും ഹദീഥിനെ 'സ്വഹീഹാ'ക്കിയിട്ടുണ്ട്.

(അപരിചിതത്വം) ബോദ്ധ്യപ്പെടും. അല്ലാഹുﷻയുടെ ക്വുദ്റത്തിൽ നിന്നും അവൻ ഹൃദയങ്ങളെ മാറ്റിമറിക്കുന്നതിൽനിന്നും അത്ഭുതങ്ങൾ അവർ ദർശിക്കുകയും ചെയ്യും.

- ഭൂമിയിൽ ആദ്യമായി സംഭവിച്ച ശിർക്കിനെ മനസ്സിലാക്കൽ. അത് സ്വാലിഹീങ്ങളുടെ വിഷയത്തിലുള്ള 'ശുബ്ഹത്' (ധാരണ പിശക്) കാരണത്താലായിരുന്നു.
- അല്ലാഹുﷻയാണ് അമ്പിയാക്കളെ നിയോഗിച്ചത് എന്ന് അറിഞ്ഞിട്ടും അമ്പിയാക്കളുടെ ദീനിൽ ആദ്യമായി മാറ്റിമറിക്കപ്പെട്ടത് എന്താണെന്നും അതിന്റെ കാരണം എന്താണെന്നും മനസ്സിലാക്കൽ.
- ബിദ്അത്തുകളെ, മതനിയമങ്ങളും മനുഷ്യപ്രകൃതിയും തള്ളുന്നു എന്നറിഞ്ഞിട്ടും അവ സ്വീകരിക്കപ്പെടുന്നത്.
- എല്ലാത്തിന്റേയും മൂലകാരണം സത്യത്തെ അസത്യവുമായി കൂട്ടികലർത്തുന്നതാണ്. ആദ്യത്തേത് (സത്യം), സ്വാലിഹീങ്ങളോടുള്ള സ്നേഹമാണ്. രണ്ടാമത്തേത് (അസത്യം) മതപണ്ഡിതന്മാർ നന്മ ഉദ്ദേശിച്ചു ചെയ്ത പല പ്രവൃത്തികളും, അവരുടെ കാലശേഷം വരുന്നവർ തങ്ങളുടെ പൂർവ്വികർ മറ്റുവല്ലതുമാണ് ഇതു കൊണ്ട് ഉദ്ദേശിച്ചതെന്ന് ധരിച്ചതാണ്.
- സൂറത്ത് നൂഹിലെ ആയത്തിന്റെ തഫ്സീർ.
- മനുഷ്യന്റെ പ്രകൃതി അഥവാ അവന്റെ ഹൃദയത്തിൽ സത്യം കുറയുകയും അസത്യം കൂടിവരികയും ചെയ്യും.
- ബിദ്അത്തുകൾ കുഫ്റിന് കാരണക്കാരാണ് എന്ന് പൂർവ്വികരിൽ നിന്ന് ഉദ്ധരിക്കപ്പെട്ടതിന് ഇതിൽ സാക്ഷ്യമുണ്ട്.
- ബിദ്അത്തുകൾ എവിടേക്ക് മടങ്ങും എന്നത് പിശാചിന് അറിയാം. ചെയ്യുന്നവന്റെ ഉദ്ദേശം നന്നായാലും ശരി.
- പൊതുവായ തത്വം അറിയൽ. അഥവാ അതിരു കവിയലിനെ കുറിച്ചുള്ള നിരോധനവും അതിലേക്ക് ചെന്നെത്തുന്ന കാര്യങ്ങളെ കുറിച്ചുള്ള അറിവും.
- സൽപ്രവൃത്തികൾക്ക് ക്വബ്റിടങ്ങളിൽ ചടഞ്ഞുകൂടുന്നതിന്റെ അപകടം.
- പ്രതിമകൾ നിരോധിക്കപ്പെട്ടിട്ടുണ്ടെന്ന് അറിയൽ. അത് നീക്കം ചെയ്യുവാൻ പറഞ്ഞതിലെ യുക്തിയും.
- ഈ സംഭവത്തിന്റെ ഗൗരവം അറിയൽ, അറിയേണ്ടതിന്റെ അത്യാവശ്യവും. എന്നാൽ അതിൽ തികഞ്ഞ അശ്രദ്ധയാണുള്ളത്.

- മഹാത്ഭുതകരമായ സംഗതി: ആളുകൾ തഫ്സീറുകളിലും ഹദീഥ് ഗ്രന്ഥങ്ങളിലും ഈ സംഭവകഥ വായിക്കുന്നു, ആശയങ്ങൾ ഗ്രഹിക്കുന്നു. അല്ലാഹുﷻ അവരുടേയും അവരുടെ ഹൃദയ ങ്ങളുടേയും ഇടയിൽ മറയിടുകയാണ്. എത്രത്തോളമെന്നാൽ, നൂഹു നബിعليه السلامയുടെ സമൂഹം ചെയ്തത് അവർ ഉത്കൃഷ്ട ആരാധനയായി വിശ്വസിക്കുന്നു. അല്ലാഹുﷻയും അല്ലാഹുവിന്റെ റസൂൽﷺയും നിരോധിച്ചത് രക്തവും ധനവും അനുവദ നീയമാക്കുന്ന കുഫ്റായി അവർ വിശ്വസിക്കുകയും ചെയ്യുന്നു.
- അവർ ശുപാർശ മാത്രമാണ് ഉദ്ദേശിച്ചതെന്ന വെളിപ്പെടുത്തൽ.
- അവരുടെ രൂപങ്ങൾ നിർമ്മിച്ച പണ്ഡിതർ ഈ ശുപാർശയാണ് ഉദ്ദേശിച്ചതെന്ന ഇവരുടെ ധാരണ.
- “ഇബ്നു മറിയമിനെ നസ്വാറാക്കൾ പുകഴ്ത്തിയതുപോലെ എന്നെ നിങ്ങൾ പുകഴ്ത്തരുത്” എന്ന വചനത്തിലുള്ള പ്രവാചകൻﷺ യുടെ മഹത്തായ വിവരണം. അല്ലാഹുവേ, ഈ രീതിയിൽ കാര്യങ്ങൾ വ്യക്തമായി എത്തിച്ചു തന്ന പ്രവാചകൻﷺയിൽ നീ സ്വലാതും സലാമും സദാ വർഷിക്കേണമേ.......
- തീവ്രവും കൃത്രിമവുമായ സംസാരങ്ങൾ, വിശ്വാസങ്ങൾ, പ്രവൃ ത്തികൾ, എന്നിവയുമായി നടക്കുന്നവരുടെ നാശത്തെക്കുറിച്ച് പ്രവാചകൻﷺ നമുക്ക് നൽകുന്ന ഉപദേശം.
- അറിവ് വിസ്മരിക്കപ്പെടുന്നതുവരെ അവ ആരാധിക്കപ്പെട്ടില്ല. അറിവുണ്ടാകുന്നതിന്റെ മഹത്വമറിയലും അറിവ് നഷ്ടപ്പെടു ന്നതിന്റെ അപകടമറിയലും ഇതിലുണ്ട്.
- അറിവ് നഷ്ടപ്പെടുവാൻ കാരണം ഉലമാക്കളുടെ മരണമാണ്.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**